**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല**

**പ്രവചന കാലയളവ് 08.11.2025 മുതൽ 12.11.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 45/2025, (89) വെള്ളിയാഴ്ച | തീയ്യതി 07/11/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 08.11.2025 | 09.11.2025 | 10.11.2025 | 11.11.2025 | 12.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 2 | 0.1 | 0.1 | 0.2 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 2 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 290 | 200 | 200 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 7 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)**

**പൊതുനിർദ്ദേശങ്ങൾ**:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ്പരുവം | വളപ്രയോഗം | നെല്ലിൽ ഒന്നാം ഘട്ട വളപ്രയോഗം നടത്തവുന്നതാണ്. ഒരേക്കർ പാടശേഖരത്തിന് 51.5 കിലോ യൂറിയ, 77.7 കിലോ റോക്ക് ഫോസ്ഫേറ്റ്, 15 കിലോ മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ ഇട്ടുകൊടുക്കാവുന്നതാണ്. റോക്ക് ഫോസ്ഫേറ്റിന് പകരം ഫാക്ടംഫോസ്സ് ഉപയോഗിക്കുകയാണെങ്കിൽ 21. 18 കിലോ യൂറിയ നൽകിയാൽ മതി. |
| | ഇലപ്പേൻ | നെല്ലിലെ ഇലപ്പേനിനെ നിയന്ത്രിക്കാൻ 2 ഗ്രാം തൈയോമെതോക്സാം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കാവുന്നതാണ്. |
| വാഴ | മാണവണ്ട് | വാഴയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി വാഴക്കന്ന് നടുന്നതിനു മുൻപ് കന്നിന്റെ അടിഭാഗത്തിനു ചുറ്റും ചെത്തി വൃത്തിയാക്കി ചാണകലായനീയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നു നാലു ദിവസം വെയിലത്ത് വെച്ചുണക്കി നടുക .കൂടാതെ വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടുകൊടുക്കുന്നതു നല്ലതാണ്. |
| മഞ്ഞൾ | ഇലകരിച്ചിൽ | മഞ്ഞളിൽ ഇലകരിച്ചിൽ രോഗം കാണാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. മുൻകരുതലായി രണ്ട് മില്ലി ഹെക്സാകൊണാസോൾ അല്ലെങ്കിൽ രണ്ട് ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു കുമിൾനാശിനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രത അനുസരിച്ചു രണ്ടാഴ്ച്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ് . |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS, KVASU, Mannuthy)